"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം - കിഫ്ബിയുടെ ഒരു കോടി രൂപ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി - വിവിധ കാരണങ്ങളാൽ യഥാസമയം ആരംഭിച്ച് നിർമ്മാണം നടത്താൻ സാധിക്കാത്ത 17 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുതുക്കിയ നിരക്കിൽ ഭരണാനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെട്ടവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.3322/2023/GEDN തീയതി,തിരുവനന്തപുരം, 07-06-2023

---

പരാമർശം:-
1. സ.ഉ.(സാധാ)നം. 2396/2019/പൊ.വി.വ തീയതി, 18/06/2019
2. സ.ഉ.(സാധാ)നം. 3588/2022/ധന തീയതി, 12/05/2022
3. കില, ചീഫ് മാനേജരുടെ 21/01/2023 തീയതിയിലെ CM/PMU/ KILA-KIIFB/01/2020 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കിഫ്ബിയുടെ ഒരു കോടി രൂപ ധനസഹായത്തോടെ സംസ്ഥാനത്തെ 446 പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി പരാമർശം (1) പ്രകാരം കിലയെ എസ്.പി.വിയായി ചുമതലപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു.

(2) വിവിധകാരണങ്ങളാൽ റീടെൻഡർ ആവശ്യമായി വരുന്ന നിർമ്മാണപ്രവൃത്തികൾക്ക് നിലവിൽ സാങ്കേതിക അനുമതി 2016 ഡി.എസ്.ആർ നിരക്കിലും, 12 % ജി.എസ്.ടി യും ഉൾപ്പെടുത്തിയാണ് നൽകിയിരിക്കുന്നതെന്നും, ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 2018 ഡി.എസ്.ആർ - 18% ജി.എസ്.ടി നിരക്കിൽ പുതുക്കി നൽകിയാൽ മാത്രമേ സാങ്കേതിക അനുമതി നൽകി ടെൻഡർ നടപടികളിൽ ഏർപ്പെടുവാൻ സാധിക്കുകയുള്ളു എന്നും, ഇപ്രകാരം 2018 ഡി.എസ്.ആർ - 18% ജി.എസ്.ടി നിരക്കിൽ എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കുമ്പോൾ കിഫ്ബി അംഗീകരിച്ച തുകയേക്കാൾ 30% ത്തോളം അധിക തുക ആവശ്യമായി വരുന്നുണ്ടെന്നും, ഒരു കോടി രൂപയുടെ പ്രവൃത്തികൾക്ക് മേൽകാരണങ്ങളാൽ 1.30 കോടി രൂപയാക്കി നിർവഹണം നടത്തുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്നും, ആയതിനാൽ ഓരോ പ്രവൃത്തികൾക്കും ഭരണാനുമതി തുക 1.30 കോടി രൂപയാക്കി പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും കില പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ ഒരു കോടി രൂപ ധനസഹായത്തോടെ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിലയെ എസ്.പി.വിയായി ചുമതലപ്പെടുത്തി വിവിധ കാരണങ്ങളാൽ റീടെൻഡർ ആവശ്യമായി വരുന്ന ചുവടെ ചേർക്കുന്ന സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തിയ്ക്ക് പുതുക്കിയ നിരക്കിൽ 1.30 കോടി രൂപ വിനിയോഗിച്ച്

നിർമ്മാണം നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl.No. | Name of School | District | School Code |
|---|---|---|---|
| 1 | GHS Thirupuram | Thiruvananthapuram | 44073 |
| 2 | Govt. Town UPS Attingal | Thiruvananthapuram | 42344 |
| 3 | PNMGHSS Koonthalloor | Thiruvananthapuram | 42015 |
| 4 | GVHSS Thattathumala | Thiruvananthapuram | 42065 |
| 5 | Govt. Town UPS Kilimanoor | Thiruvananthapuram | 42440 |
| 6 | GHSS Vayala | Kollam | 40041 |
| 7 | Adinadu UPS | Kollam | 41246 |
| 8 | GUPS Kulathupuzha | Kollam | 40342 |
| 9 | GHS Palissery | Ernakulam | 25121 |
| 10 | GUPS Kattumunda East | Malappuram | 48478 |
| 11 | GHS Muthuvallur | Malappuram | 18139 |
| 12 | GMUPS Oravambram | Malappuram | 48333 |
| 13 | GHSS Manaloor | Thrissur | 22011 |
| 14 | GVHSS Thalikkulam | Thrissur | 24057 |
| 15 | GHSS Angadimogar | Kasaragod | 11033 |
| 16 | GHSS Bekur | Kasaragod | 11019 |
| 17 | GHS Beenachi | Wayanad | 15086 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീലത ആർ എസ്

ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, വിദ്യാകിരണം, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കിഫ്ബി, തിരുവനന്തപുരം

ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Namitha T

Date: 08-06-2023 14:50:02

സെക്ഷൻ ഓഫീസർ